13. ശ്രീ. എ. കെ. പരമേശ്വരൻ, അഡീഷണൽ സെക്രട്ടറി, ജലവിഭവ വകുപ്പ്.
14. ശ്രീ. വർഗ്ഗീസ്, ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്.
15. ശ്രീ. ജേക്കബ് ഡാനിയൽ, ചീഫ് എഞ്ചിനീയർ, പ്രോജക്ട് - 1
16. ശ്രീ. എൻ. ശശി, ചീഫ് എഞ്ചിനീയർ, പ്രോജക്ട് - 2
17. ശ്രീ. എം. സി. അന്റോബായി, ചീഫ് എഞ്ചിനീയർ, (ഐ. ആന്റ് പി.)
18. ശ്രീമതി സി. എൻ. സതി, ഡയറക്ടർ, ഐ. ഡി. ആർ. ബി.

(ബി) ഇല്ല. കരാർ പുതുക്കുന്നതിനുള്ള നക്കൽ നിയമസഭയിൽ ചർച്ച ചെയ്യേണ്ട ആവശ്യമില്ലാത്ത കാര്യമാണ്.

പറമ്പിക്കുളം-ആളിയാർ പദ്ധതി പ്രകാരമുള്ള വ്യവസ്ഥകൾ

41 [198] ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പറമ്പിക്കുളം-ആളിയാർ പദ്ധതിയിലെ വ്യവസ്ഥകൾ അനുസരിച്ച് കേരളത്തിന് തമിഴ്നാട്ടിൽ നിന്നും ലഭിക്കേണ്ട വെള്ളം കഴിഞ്ഞ വർഷങ്ങളിൽ പൂർണ്ണമായും ലഭിച്ചിട്ടുണ്ടോ; എങ്കിൽ അവയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) കരാർ ലംഘനമുണ്ടായിട്ടുണ്ടെങ്കിൽ അതിൻമേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) കേരളത്തിനു ഇക്കാര്യത്തിലുണ്ടാകുന്ന നഷ്ടം ശ്രദ്ധയിൽകൊണ്ടുവരുന്നതിന് ജലവകുപ്പ് ഉദ്യോഗസ്ഥൻമാരുടെ ഭാഗത്തുനിന്നും എന്തെങ്കിലും വീഴ്ച ഉണ്ടായിട്ടുണ്ടോ; എങ്കിൽ അവരുടെ മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല. മണക്കടവ് വിയറിൽ 2001-02 വർഷത്തിൽ 7215 മില്യൻ ക്യൂബിക് ഫീറ്റും 2002-03-ൽ 6245 ക്യൂബിക് ഫീറ്റും ജലമാണ് ലഭിച്ചിട്ടുള്ളത്. കരാർ പ്രകാരം 7250 മില്ല്യൻ ക്യൂബിക് ഫീറ്റ് ജലമാണ് അവിടെ ലഭിക്കേണ്ടത്. കേരള ഷോളയാറിൽ 12300 മില്ല്യൻ ക്യൂബിക് ഫീറ്റ് ജലം 2001-02 വർഷത്തിൽ കേരളത്തിനു ലഭിക്കേണ്ടിയിരുന്നു. ഇതിൽ 10191 മില്യൻ ക്യൂബിക് ഫീറ്റ് മാത്രമാണ് ലഭിച്ചത്. 2002-03 വർഷത്തിൽ ആകെ 13789 മില്യൻ ക്യൂബിക് ഫീറ്റ് ലഭിക്കേണ്ട സ്ഥാനത്ത് 9050 എം. സി. അടി മാത്രമാണ് ലഭിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ചില വ്യവസ്ഥകൾ തമിഴ്നാട് ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവയെല്ലാം അതാതു സമയത്തുതന്നെ തമിഴ്നാട് സർക്കാരിനെ അറിയിച്ചിട്ടുണ്ട്. കരാർ റിവ്യൂവിനുണ്ടാക്കിയിട്ടുള്ള ടെക്നിക്കൽ കമ്മിറ്റി റിപ്പോർട്ടിലും ഈ ലംഘനങ്ങൾ കേരളം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. എന്നാൽ ഇവയൊന്നും തന്നെ കരാർലംഘനങ്ങളല്ല എന്നതാണ് തമിഴ്നാടിന്റെ നിലപാട്.

(സി) ഇല്ല.

ചിറ്റൂർപുഴ പദ്ധതിയുമായി ബന്ധപ്പെട്ട പറമ്പിക്കുളം-ആളിയാർ കരാർ

42 [199] ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ ചിറ്റൂർപുഴ പദ്ധതിയുമായി ബന്ധപ്പെട്ട് പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം 2002-03, 2003-04 എന്നീ വർഷങ്ങളിൽ എത്ര ഘന അടി വെള്ളമാണ് ലഭിച്ചത്;

(ബി) അതിൽ കരാർ പ്രകാരം ലഭിക്കേണ്ടിയിരുന്നത് എത്രയാണ്; അതിൽ എത്ര ലഭിച്ചു; വിശദവിവരം വെളിപ്പെടുത്തുമോ;

(സി) കരാർ പ്രകാരമുള്ള വെള്ളം ലഭിക്കാതിരുന്നതിനാൽ എത്ര ഏക്കർ ഭൂമിയിലെ കൃഷിയാണ് വരൾച്ചമൂലം നശിച്ചുപോയത് എന്ന് വ്യക്തമാക്കുമോ;

(ഡി) നാശനഷ്ടം പരിഹരിക്കാൻ ഗവൺമെന്റ് എന്തെങ്കിലും ധനസഹായം നല്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2002-03-ൽ 6245 ഘന അടി വെള്ളവും 2003-04-ൽ ജനുവരി 14-വരെ 2156 ഘന അടി വെള്ളവും ലഭിച്ചിട്ടുണ്ട്.

(ബി) 2002-03-ൽ കരാർ പ്രകാരം മുൻകൊല്ലത്തെ നീക്കിയിരിപ്പുകൂടി കണക്കിലെടുത്ത് 7284 മില്ല്യൻ ക്യൂബിക് ഫീറ്റും 2003-04-ൽ ജനുവരി 15 വരെ കരാർ പ്രകാരം 5200 മില്ല്യൻ ക്യൂബിക് ഫീറ്റും ആണ് കിട്ടേണ്ടിയിരുന്നത്. 2003-04-ൽ ആകെ ലഭിക്കേണ്ട ജലം മുൻവർഷത്തെ നീക്കിയിരുപ്പടക്കം 7889 മില്ല്യൻ ക്യൂബിക് ഫീറ്റ് ആണ്. ഇതിൽ 2002-03-ൽ 6245 ഘന അടി വെള്ളവും 2003-04-ൽ ജനുവരി 14 വരെ 2156 ഘന അടി വെള്ളവും ലഭിച്ചിട്ടുണ്ട്.

(സി ആന്റ് ഡി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly